# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 477

## 29.01.2019 - ലെ മറുപടിയ്ക്ക്

### ട്രഷറികളിലെ നിക്ഷേപങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ഡോ. റ്റി. എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്തെ ട്രഷറികളിലെ നിക്ഷേപങ്ങൾക്ക് നൽകിവരുന്ന പലിശ ഇനം തിരിച്ച് വ്യക്തമാക്കാമോ ; | ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്ക് 4%, 180 ദിവസത്തിനും ഒരു വർഷത്തിനും ഇടയിലുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് (പൊതുവിഭാഗത്തിന് 6.50%, സീനിയർ സിറ്റിസൺസിന് 7.00%), ഒരു വർഷത്തിനു മുകളിലുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് (പൊതു വിഭാഗത്തിന് 7.50%, സീനിയർ സിറ്റിസൺസിന് 8.00%) എന്നീ നിരക്കുകളിൽ പലിശ നൽകിവരുന്നു. |
| (ബി) | സീനിയർ സിറ്റിസൺസിന് മുൻപ് നൽകിയിരുന്ന പലിശ നിരക്കിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതൽ ; എത്ര ശതമാനത്തിന്റെ വ്യത്യാസമാണ് വരുത്തിയിരിക്കുന്നത് ; ഇതിന്റെ കാരണം വ്യക്തമാക്കാമോ; | 12.12.2018 - ലെ ജി.ഒ.(പി) നമ്പർ.193/2018/ധന ഉത്തരവ് പ്രകാരം **01.01.2019** പ്രാബല്യത്തിൽ സീനിയർ സിറ്റിസൺ ഉൾപ്പെടെയുള്ളവർക്ക് പലിശ നിരക്കിൽ 0.5% വ്യത്യാസം വരുത്തിയിട്ടുണ്ട്. മറ്റ് ദേശസാൽകൃത ബാങ്കുകൾ നൽകിവരുന്ന പലിശ നിരക്കിനേക്കാൾ കൂടിയ പലിശ നിരക്ക് ട്രഷറി നിക്ഷേപങ്ങൾക്ക് അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് പലിശ നിരക്കിൽ വ്യത്യാസം വരുത്തിയത്. |
| (സി) | ട്രഷറികൾ ബാങ്കുകളുടെ നിലവാരത്തിലേയ്ക്ക് സേവനം ഉയർത്തി കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുമ്പോൾ ഇടപാടുകാർക്ക് എ.ടി.എം. കാർഡ് സൗകര്യം ലഭ്യമാക്കുമോ ; | ബാങ്കുകൾ മുഖേന ട്രഷറി സേവിംഗ്സ് ഇടപാടുകാർക്ക് എ.ടി.എം. സൗകര്യം ലഭ്യമാക്കുന്നതു സംബന്ധിച്ച് ആർ.ബി.ഐ. യുമായും ബാങ്കുകളുമായും ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. |
| (ഡി) | സംസ്ഥാനത്തെ ട്രഷറികൾ കേന്ദ്രീകരിച്ച് എ.ടി.എം. കൗണ്ടറുകൾ ആരംഭിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | ട്രഷറികളിൽ എ.ടി.എം.കൾ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. പകരം, ബാങ്കുകൾ മുഖേന ട്രഷറി അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം. കാർഡ് നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**